**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.2823

**13/03/2020 ൽ മറുപടിക്ക്**

**ഒറ്റ തണ്ടപ്പേർ പദ്ധതി**

**ചോദ്യം**
**ശ്രീ.പി.കെ.ബഷീർ**
**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഒറ്റ തണ്ടപ്പേർ പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നുള്ള വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12/02/2020 ലെ സ.ഉ.(സാധാ) നം. 552/2020/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ഭൂഉടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇങ്ങനെ ഭൂമിയുടെ വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒറ്റ തണ്ടപ്പേരിൽ ലഭ്യമാക്കുക വഴി ജനങ്ങൾക്ക് സുഗമമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും, ഭൂമിയുടെ ക്രയവിക്രയങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും സാധിക്കും. |
| (ബി) | ഒറ്റ തണ്ടപ്പേർ വരുമ്പോൾ കേരളത്തിൽ എവിടെയും ഭൂമിയുള്ള ഒരാളുടെ ഭൂമിയുടെ വിശദാംശങ്ങൾ പൂർണമായും വേഗത്തിലും ലഭ്യമാകുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഒറ്റ തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ജനങ്ങൾക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട സേവനം വളരെ വേഗത്തിൽ ലഭ്യമാകുന്നതാണ്. ഒരു ഭൂഉടമയുടെ പേരിൽ സംസ്ഥാനമൊട്ടാകെയുള്ള ഭൂമിയുടെ വിവരങ്ങൾ ഒരു തണ്ടപ്പേരിൽ ലഭ്യമാക്കുന്നതിലൂടെ ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും ഭൂമിയുടെ കൈമാറ്റം സംബന്ധമായ നടപടിക്രമങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനും സാധിക്കുന്നതാണ്. ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംവിധാനം ഏർപ്പെടുത്തിയാൽ ഭൂഉടമയുടെ വിരലടയാളം ഉപയോഗിച്ച് ടിയാളുടെ പേരിൽ സംസ്ഥാനമൊട്ടാകെയുള്ള ഭൂമിയുടെ വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | എവിടെ നിന്നും പരിശോധിക്കാവുന്നതാണ്. UTP (Unique Thandaper) നടപ്പിലാക്കുന്നതിലൂടെ ഏതൊരു വില്ലേജാഫീസിലും, സബ്ബ് രജിസ്ട്രാർ ഓഫീസിലും, പൊതുജന സേവന കേന്ദ്രങ്ങളിലും ഭൂമിയുടെ വിവരങ്ങൾ വേഗത്തിൽ അറിയാൻ കഴിയും. ഘട്ടം ഘട്ടമായി ഏതൊരു സർക്കാർ ഓഫീസിലും ഇത്തരത്തിൽ ഭൂമിയുടെ കൈവശക്കാരന്റെ വിവരങ്ങൾ അറിയാൻ കഴിയുന്നതരത്തിൽ സൗകര്യമുണ്ടാക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ